**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ജോലി ചെയ്ത് വരുന്ന നഴ്സ് വിഭാഗം ജീവനക്കാരുടെ യൂണിഫോം പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2148/2017/ആ.ക.വ** **തീയതി, തിരുവനന്തപുരം, 01.08.2017.**

പരാമർശം:- 1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.05.2017 തീയതിയിലെ ഒ&എം3-84204/2012/ആ.വ.ഡ നമ്പർ കത്ത്.

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 21.07.2017 തീയതിയിലെ ജെ2/23684/2017/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ശുപാർശ പരിഗണിച്ച് ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സ്റ്റാഫ് നഴ്സ്, ഹെഡ് നഴ്സ്, മെയിൽ നഴ്സ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യൂണിഫോം, സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാൻ പാടില്ല എന്ന നിബന്ധനയിൽ, സ്റ്റാഫ് നഴ്സിന് സ്കൈ ബ്ലൂ കളർ ചുരിദാർ/സാരി-യും വെള്ള ഓവർകോട്ടും, ഹെഡ് നഴ്സിന് ലാവൺഡർ കളർ ചുരിദാർ/സാരി-യും വെള്ള ഓവർകോട്ടും, മെയിൽ നഴ്സിന് കറുത്ത പാന്റ്, സ്കൈ ബ്ലൂ ഷർട്ട്, വെള്ള ഓവർകോട്ട് എന്നീ വിധത്തിൽ പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.മനോഹരൻ നായർ,**

അണ്ടർ സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
ധനകാര്യ വകുപ്പ് (03.07.2017 തീയതിയിലെ എച്ച്&എൽ-എ 3/154/2017/ധന നമ്പർ പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

മേലെഴുത്ത് നം ഒ&എം3 - 84204/2012/ആ.വ.ഡ തീയതി 01/08/2017

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും മറ്റു ബന്ധപ്പെട്ടവർക്കും തുടർനടപടികൾക്കായി കൈമാറുന്നു.

ആരോഗ്യവകുപ്പുഡയറക്ടർക്കുവേണ്ടി

സ്വീകർത്താക്കൾ - എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും.